## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 869** 		**06.06.2018-ൽ മറുപടിയ്ക്ക്**

### ഗദ്ദിക സാംസ്കാരികോത്സവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.എം. മുകേഷ്<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.പി.കെ. ശശി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | സംസ്ഥാനത്ത് അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്ര സംസ്കൃതിയും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിനും ഈ വിഭാഗങ്ങളുടെ പരമ്പരാഗത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമായി സംഘടിപ്പിച്ചു വരുന്ന ഗദ്ദിക എന്ന പേരിലുള്ള സാംസ്കാരികോത്സവം ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് നടത്തി വരുന്നത് എന്ന് അറിയിക്കുമോ; | എ) | പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് എന്നീ വകുപ്പുകൾ സംയുക്തമായാണ് ഗദ്ദിക നടത്തിവരുന്നത്. |
| ബി) | ഏതെല്ലാം സ്ഥലങ്ങളിലാണ് ഇതിനകം പ്രസ്തുത സാംസ്കാരിക മേള സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | ബി) | 2016-17 സാമ്പത്തികവർഷത്തിൽ പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിലും, കോഴിക്കോട് ജില്ലയിലെ വളയത്തും, 2017-18 സാമ്പത്തികവർഷം കൊല്ലം ജില്ലയിലെ പത്തനാപുരത്തും, മലപ്പുറം ജില്ലയിലെ പൊന്നാനിയിലും ഗദ്ദിക സംഘടിപ്പിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത മേളകളിൽ എത്ര കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്ന വിശദാംശം ലഭ്യമാണോ; | സി) | നാല് ഗദ്ദികകളിൽ നിന്നുമായി ആകെ രണ്ട് കോടി നാല് ലക്ഷം രൂപ വിറ്റുവരവുണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | നിരവധി ഗോത്രവിഭാഗ കൂട്ടായ്മകൾക്കും സംരംഭകർക്കും അവരുടെ സഹകരണ സ്ഥാപനങ്ങൾക്കും വലിയ സാമ്പത്തിക ആശ്വാസം ലഭിക്കുന്ന ഇത്തരം മേളകൾ കൂടുതൽ പ്രദേശങ്ങളിൽ സംഘടിപ്പിക്കുവാനും മേളകളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | ഡി) | ഒരു സാമ്പത്തിക വർഷം തെരഞ്ഞെടുത്ത രണ്ട് സ്ഥലങ്ങളിലാണ് ഗദ്ദിക സംഘടിപ്പിക്കുന്നത്. ടി മേളയിൽ കൂടുതൽ ജനപങ്കാളിത്തം ഉണ്ടാകുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ നാടൻ കലാപരിപാടിയ്ക്ക് ഒപ്പം വിവിധ സർക്കാർ വകുപ്പുകളുടെ സഹായത്തോടെ മെഗാ ഷോയും മറ്റും സംഘടിപ്പിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ